പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2153 **26-10-2026-ൽ മറുപടിയ്ക്ക്**

വിബി ജി റാം ജി പദ്ധതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. പി. പ്രസാദ്

ശ്രീ. ജി. ആർ. അനിൽ

ശ്രീ. കെ. കെ. വത്സരാജ്

ശ്രീമതി ഗീതാ ഗോപി

മറുപടി നൽകിയ മന്ത്രി

ശ്രീ. കെ. എം. ഷാജി

(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

(എ) വിബി ജി റാം ജി നിയമത്തിലെ സെക്ഷൻ ആറ് പ്രകാരം, സംസ്ഥാനത്തെ കൃഷിരീതികളും കാലാവസ്ഥാ പ്രത്യേകതകളും കണക്കിലെടുത്ത് കാർഷിക പ്രാധാന്യമുള്ള അറുപത് ദിവസം, ഓരോ ഗ്രാമപ്പഞ്ചായത്ത് അടിസ്ഥാനത്തിലും പ്രാദേശികമായി നിശ്ചയിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

മറുപടി: ഉണ്ട്. VB-G RAM G ആക്ട്, 2025-ലെ |സെക്ഷൻ 6 പ്രകാരം, ഓരോ സാമ്പത്തിക വർഷത്തിലും കാർഷിക പ്രാധാന്യമുള്ള പ്രധാന സീസണുകളിലായി ആകെ 60 ദിവസത്തേക്ക് പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ നിർബന്ധമായും നിർത്തിവയ്ക്കേണ്ടതുണ്ട്. കേരളത്തിലെ വൈവിധ്യമാർന്ന കൃഷിരീതികളും പ്രാദേശിക കാലാവസ്ഥാ മേഖലകളും പരിഗണിച്ച്, ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിൽ ഈ 60 ദിവസത്തെ കാർഷിക സീസൺ (Peak Agricultural Season) പ്രാദേശികമായി നിശ്ചയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്

(ബി) കാർഷിക സീസണിൽ തൊഴിലുറപ്പ് നിർബന്ധമായും നിർത്തിവെക്കണമെന്ന കേന്ദ്രനിയമത്തിലെ വ്യവസ്ഥ കേരളത്തിന്റെ സാഹചര്യത്തിൽ തീർത്തും അപ്രസക്തമാണെന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

മറുപടി: കൃഷി സീസണിൽ കാർഷിക ആവശ്യത്തിന് തൊഴിലാളികളെ ലഭ്യമാക്കുക എന്നത് നിയമത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളിൽ ഒന്നാണെന്ന് നിയമത്തിൽ തന്നെ വ്യക്തമാക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ വ്യവസ്ഥകൾ നിയമത്തിലെ സെക്ഷൻ 6 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കേരളവും ഈ |നിബന്ധനകൾ പാലിക്കാൻ ബാധ്യസ്ഥരാണ്. സംസ്ഥാനത്തെ കാർഷിക മേഖലയിൽ ഉൾപ്പെടാത്ത സ്ഥലങ്ങളിലും നിയമത്തിലെ വ്യവസ്ഥ പ്രകാരം പദ്ധതി നിർത്തിവയ്ക്കേണ്ടി വരും

(സി) വിബി ജി റാം ജി നിയമപ്രകാരം കേരളത്തിലെ ഓരോ പ്രദേശത്തെയും കൃഷിജോലിക്കുള്ള ഇടവേള നിശ്ചയിക്കുന്നതിന് പഞ്ചായത്തുതല സമിതികൾ രൂപവത്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

മറുപടി: ഉണ്ട്. VB G RAM G നിയമപ്രകാരം Peak Agricultural Season നിർണ്ണയിക്കുന്നതിന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും, ഗ്രാമപഞ്ചായത്ത് വികസന സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാനും കൃഷി ഓഫീസറും അംഗങ്ങളായും, ഗ്രാമപഞ്ചായത്ത് സെക്രട്ടറി കൺവീനറായും ഉൾപ്പെടുന്ന കമ്മിറ്റി 25-07-2026 തീയതിയിലെ സ.ഉ(സാധ)നം.1356/2026/LSGD ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുണ്ട്

(ഡി) ഓരോ ഗ്രാമപ്പഞ്ചായത്തിലെയും പ്രധാന വിളകൾ, നടീൽ-വിളവെടുപ്പ് കാലങ്ങൾ, കാർഷിക കാലാവസ്ഥാ മേഖല എന്നിവ പരിഗണിച്ച് സമിതി അറുപത് ദിവസത്തെ സീസൺ നിശ്ചയിച്ചിട്ടുണ്ടോ; ഗ്രാമപ്പഞ്ചായത്തുതലത്തിലെ സീസൺ വിവരങ്ങൾ ജില്ലാ ആസൂത്രണസമിതി വഴി സംസ്ഥാന തൊഴിലുറപ്പ് മിഷന് സമർപ്പിച്ചിട്ടുണ്ടോ;വിശദമാക്കാമോ?

മറുപടി: കാർഷിക സീസൺ നിശ്ചയിക്കുന്നതിനുള്ള നടപടികൾ സംസ്ഥാനത്ത് അന്തിമഘട്ടത്തിലാണ്. ഇതിനോടകം 12 ജില്ലകളിൽനിന്നുള്ള വിവരങ്ങൾ VB G RAM G മിഷൻ ഡയറക്ടറുടെ കാര്യാലയത്തിൽ ലഭിച്ചിട്ടുണ്ട്. ശേഷിക്കുന്ന ജില്ലകളിൽ നിന്നുള്ള വിവരങ്ങൾ കൂടി എത്രയും വേഗം ലഭ്യമാക്കിയ ശേഷം ഇത് സംബന്ധിച്ച് സംസ്ഥാന തലത്തിൽ വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ